കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന കമ്മീഷണറേറ്റിലെ ഡ്രൈവർ ശ്രീ. സി.റ്റി. സാഗർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച O.A.No.2102/2013-ാം നമ്പർ അന്യായത്തിന്മേലുള്ള 31.10.2013 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (സാധാ) നം. 368/2014/തസ്വഭവ. തിരുവനന്തപുരം, തിയതി, 10.02.2014.

---

പരാമർശം:-1. PAD (K) മെമ്പർ സെക്രട്ടറിയുടെ 11.04.2001 ലെ 182/2001/PAD നടപടിക്രമം.
2. 20.07.2002 ലെ സ.ഉ.(സാധാ) നം.1980/2002/തസ്വഭവ.
3. PAD (K) മെമ്പർ സെക്രട്ടറിയുടെ 22.07.2002 ലെ 182/2001/PAD (K) നടപടിക്രമം.
4. 13.10.2009 ലെ സ.ഉ.(കൈ) നം.193/2009/തസ്വഭവ.
5. ശ്രീ. സാഗർ 12.09.2013 ന് സർക്കാരിൽ സമർപ്പിച്ച നിവേദനം.
6. 12.09.2013 ലെ സ.ഉ.(കൈ) നം.306/2013/തസ്വഭവ.
7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.No.2102/2013-ാം നമ്പർ അന്യായത്തിന്മേലുള്ള 31.10.2013 ലെ വിധിന്യായം

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിനു കീഴിലുണ്ടായിരുന്ന പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ് (കേരള) [പ്രാഡ് (കെ)] എന്ന സ്ഥാപനത്തിൽ ഡ്രൈവറായി ജോലി നോക്കി വരവെ സർവ്വീസിൽ നിന്നു മാറ്റി നിർത്തിയ കാലയളവിലേതുൾപ്പടെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. സി. റ്റി. സാഗർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA No. 2102/2013-ാം നമ്പർ അന്യായം ഫയൽ ചെയ്തിരുന്നു. ഹർജിക്കാരനെ നേരിൽ കേട്ട ശേഷം ടിയാൻ ഗ്രാമവികസന വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുള്ള Annexure A7 അപേക്ഷ, ഉത്തരവ് കൈപ്പറ്റി മൂന്നുമാസത്തിനകം തീർപ്പു കല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ട്രൈബ്യൂണൽ പരാമർശം (7) ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നു.

2. 9.01.2001 ൽ ശ്രീ. സാഗർ നൽകിയ അപേക്ഷ പ്രകാരം ടിയാനെ ഡ്രൈവർ തസ്തികയിൽ പാഡ് (കെ) യിൽ താല്കാലികമായി നിയമിച്ചു കൊണ്ട് പാഡ് (കെ) മെമ്പർ സെക്രട്ടറി പരാമർശം (1) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. ടി നിയമനത്തിന് പാഡ് (കെ) ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം നേടിയിരുന്നില്ല.

ഇതിനു ശേഷം ടിയാന്റെ പ്രൊബേഷൻ പൂർത്തീകരിച്ചുകൊണ്ടുള്ള ഉത്തരവു പുറപ്പെടുവിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കും പാഡ് (കെ) ചെയർമാനും മെമ്പർ സെക്രട്ടറി കുറിപ്പു നൽകിയിരുന്നു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചപ്പോൾ താഴെ പറയുന്ന കാരണങ്ങളാൽ ശ്രീ. സാഗറിന്റെ നിയമനം നിയമവിരുദ്ധമാണെന്നു കണ്ടെത്തുകയുണ്ടായി:

a) പാഡ് (കെ) യുടെ ബൈലോ പ്രകാരം സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള അധികാരം ചെയർമാനല്ല "ഗവേണിംഗ് കൗൺസിലിനാണ്".

b) ടിയാന്റെ നിയമനം ഭരണ ഘടനയുടെ ആർട്ടിക്കിൾ 14 ന്റെയും 16 ന്റെയും ലംഘനമാണ്.

c) 01.04.2001 മുതൽ 10.05.2001 വരെ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലിരുന്ന സമയത്താണ് ടിയാനെ നിയമിച്ചിരുന്നത്.

3. ഈ സാഹചര്യത്തിൽ ശ്രീ. സാഗറിന്റെ നിയമനം റദ്ദാക്കാനും സർവ്വീസിൽ നിന്നും അടിയന്തിരമായി പിരിച്ചു വിടുന്നതിനും നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ ടിയാന്റെ നിയമനം റദ്ദു ചെയ്യു കൊണ്ടും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടും പാഡ് (കെ) മെമ്പർ സെക്രട്ടറി പരാമർശം (3) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

4. ഈ നടപടി ചോദ്യം ചെയ്യു കൊണ്ട് ടിയാൻ ഹൈക്കോടതിയിൽ OP. 21012/2002 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പാഡ് (കെ) യിൽ താല്ക്കാലികമായോ ദിവസവേതനാടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ ഡ്രൈവറെ നിയമിക്കേണ്ടി വരുമ്പോൾ ടിയാന് മുൻഗണന നൽകണമെന്ന് 13.08.2002-ൽ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്യു. ബഹു.കോടതിയുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. സാഗറിനെ 22.03.2004 -ൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ പാഡ് (കെ) യിൽ നിയമിക്കുകയുണ്ടായി. ബഹു. കേരള ഹൈക്കോടതിയുടെ 13.08.2002-ലെ ഇടക്കാല ഉത്തരവ് നിലനിർത്തിക്കൊണ്ടും ടിയാന് എന്തെങ്കിലും ആക്ഷേപം നിലനിൽക്കുന്നുവെങ്കിൽ സർക്കാരിനെ സമീപിക്കാം എന്നു വ്യവസ്ഥ ചെയ്യും 10.07.2006 ൽ ടി കേസിൽ അന്തിമ വിധി പുറപ്പെടുവിക്കുകയുണ്ടായി. ശ്രീ.സാഗർ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജിയിലെ അന്തിമ വിധിയ്ക്ക്

വിധേയമായി ടിയാനെ പാഡ് (കെ) യിൽ താല്ക്കാലികമായി തിരികെ പ്രവേശിപ്പിക്കണമെന്ന് 27.10.2006-ൽ സർക്കാർ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ടിയാനെ 27.10.2006-ൽ പാഡ് (കെ) യിൽ താല്ക്കാലികമായി നിയമിച്ചിരുന്നു.

5. പരാമർശം (4) ലെ ഉത്തരവ് പ്രകാരം പാഡ് (കെ) നിർത്തലാക്കുകയും ടി സ്ഥാപനത്തിലെ ജീവനക്കാരെ (ശ്രീ. സാഗർ ഉൾപ്പെടെ) ഗ്രാമവികസന കമ്മീഷണറേറ്റിൽ പുനർവിന്യസിക്കുകയും ചെയ്തിരുന്നു. ടി ജീവനക്കാരെ ഗ്രാമവികസന വകുപ്പിൽ നിയമിച്ച നടപടിയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സാധൂകരണം നൽകാത്തതിനാൽ ഇതിനെ മറികടന്നു കൊണ്ട് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടി ജീവനക്കാർ ഗ്രാമവികസന വകുപ്പിൽ ചേർന്ന തീയതി മുതൽ സ്ഥിരപ്പെടുത്തി സർക്കാർ പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

6. സർവ്വീസിൽ നിന്നും പുറത്താക്കിയ കാലയളവിലേതുൾപ്പെടെ എല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് അഞ്ച് പ്രാവശ്യം ശ്രീ. സാഗർ സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. സർവ്വീസിൽ നിന്നും മാറ്റി നിർത്തിയ കാലയളവിലെ ആനുകൂല്യങ്ങൾ നൽകാൻ ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാൽ അഞ്ച് പ്രാവശ്യവും ടിയാന്റെ ആവശ്യം നിരസിക്കുകയും ചെയ്തു.

7. പാഡ് (കെ) യുടെ ബൈലോ പ്രകാരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം ഗവേണിംഗ് കൗൺസിലിനാണ്. ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റിയാണ് ജീവനക്കാരെ തെരഞ്ഞെടുക്കേണ്ടതെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ശുപാർശ ചെയ്യുന്നവരിൽ നിന്നോ പത്രപരസ്യം കണ്ട് അപേക്ഷിക്കുന്നവരിൽ നിന്നോ വേണം തെരഞ്ഞെടുപ്പ് നടത്താൻ എന്നും പാഡ് (കെ) സർവ്വീസ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ. സാഗറിന്റെ നിയമനത്തിൽ ഈ വ്യവസ്ഥകൾ പാലിച്ചിരുന്നില്ല. മാത്രവുമല്ല ടിയാനെ നിയമിച്ചത് തെരഞ്ഞെടുപ്പു കമ്മീഷന്റെ പെരുമാറ്റച്ചട്ടം ലംഘിച്ചുകൊണ്ടുമാണ്.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) ലെ നിർദ്ദേശ പ്രകാരം ശ്രീ. സി.റ്റി. സാഗറിനെ നേരിൽ കേൾക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയുമുണ്ടായി. 22.07.2002 മുതൽ 26.10.2006 വരെയുള്ള കാലത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നാണ് Annexure A 7 അപേക്ഷയിൽ

ശ്രീ. സാഗർ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിൽ 22.07.2002 മുതൽ 22.03.2004 വരെ ടിയാൻ പാഡ് (കെ) യിൽ ജോലി ചെയ്തിട്ടേയില്ല. 23.03.2004 മുതൽ 26.10.2006 വരെ ടിയാൻ ദിവസവേതന ജീവനക്കാരനായി ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്നു. ഇക്കാലയളവിൽ ജോലി ചെയ്ത ദിവസങ്ങളിലെ ശമ്പളത്തിനു മാത്രമേ ടിയാന് അർഹത യുണ്ടായിരുന്നുള്ളൂ. ടി ആനുകൂല്യം അക്കാലയളവിൽ അദ്ദേഹത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ക്രമവിരുദ്ധ നിയമനത്തിന്റെ പേരിൽ സർവ്വീസിൽ നിന്ന് പുറത്താക്കപ്പെട്ട ഒരാൾക്ക് സർവ്വീസിൽ നിന്നും മാറ്റി നിർത്തിയ കാലയളവിലെ സർവ്വീസ് ആനുകൂല്യങ്ങൾ നൽകാൻ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. ആയതിനാൽ ടിയാന്റെ പരാമർശം (5) പ്രകാരമുള്ള അപേക്ഷ (Annexure A 7) യിലെ ആവശ്യം അംഗീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് സർക്കാർ നിരസിച്ചുത്തരവാകുന്നു.

9. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) ലെ ഉത്തരവ് അപ്രകാരം നടപ്പാക്കിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ. ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ശ്രീ. സി.റ്റി. സാഗർ, ഡ്രൈവർ, ഗ്രാമവികസന കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം (ഗ്രാമവികസന കമ്മീഷണർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, വഞ്ചിയൂർ, തിരുവനന്തപുരം
(16.11.2013 ലെ B2/OA No. 2102/2013/AGO പ്രകാരം)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ